**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4391** **28-10-2021 - ൽ മറുപടിയ്ക്ക്**

**സഹകരണ സ്ഥാപനങ്ങളിലെ അഴിമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | Shri. V. N. Vasavan<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഏതൊക്കെ സഹകരണ സ്ഥാപനങ്ങളിലെ അഴിമതിയെക്കുറിച്ചാണ് പരാതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; പരാതി ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് എതിരായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | സഹകരണ സ്ഥാപനങ്ങളിൽ അഴിമതി ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിൽ ഉടനടി പ്രാഥമിക അന്വേഷണം നടത്തു കയും പ്രാഥമിക അന്വേഷണത്തിൽ കഴമ്പുണ്ടെന്ന് കാണുന്ന പക്ഷം 1969 ലെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പ് 65,66 എന്നിവ പ്രകാരം അന്വേ ഷണം നടത്തുകയും പ്രസ്തുത അന്വേഷണ ത്തിൽ കുറ്റക്കാരാണെന്ന് കണ്ടെത്തുന്ന വർക്കെതിരെ സഹകരണ നിയമത്തിലെ വകുപ്പ് 68 പ്രകാരം നടപടി സ്വീകരി ക്കുകയും കുറ്റക്കാർ സംഘം ജീവനക്കാരാ ണെങ്കിൽ ഉദ്യോഗതലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കുകയും സംഘം ഭരണ സമിതി അംഗമാണെങ്കിൽ ചട്ടം 44 പ്രകാരം അംഗത്വത്തിൽ നിന്നും അയോഗ്യ നാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതും, വകുപ്പ് 65,66 എന്നിവ പ്രകാരം നടത്തുന്ന അന്വേഷണം/പരിശോധനയിൽ ഗുരുതര മായ ക്രമക്കേടുകൾ കണ്ടെത്തുന്ന പക്ഷം വകുപ്പ് 32 പ്രകാരം ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള നടപടികൾ സ്വീക രിച്ചു വരുന്നതും കൂടാതെ ഗുരുതരമായ പണാപഹരണം ഉൾപ്പെടെയുള്ള ക്രമ ക്കേടുകൾ ഐ.പി.സി.പ്രകാരം ശിക്ഷാർഹ മാണെന്ന് കാണുന്ന പക്ഷം കുറ്റക്കാർക്കെതിരെ പോലീസ് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്. സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങളിൽ അഴി മതിയും ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകളും ആരോപിക്കപ്പെട്ട് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ സംഘം രജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിൽ സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം പ്രവർത്തിച്ചു വരുന്ന സഹകരണ വിജിലൻസ് സംവിധാനത്തിലൂടെ അന്വേ ഷണം നടത്തുകയും അന്വേഷണ റിപ്പോർട്ടിലെ |

| | | | |
|---|---|---|---|
| | | | ശുപാർശകളുടെ അടിസ്ഥാനത്തിൽ സത്വരമായ തുടർ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (ബി) | പ്രസ്തുത അഴിമതിയുമായി ബന്ധപ്പെട്ട് പ്രാഥമിക അന്വേഷണം നേരിട്ട എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | പ്രാഥമിക അന്വേഷണം നേരിട്ട 284 സഹകരണ സംഘങ്ങൾ ഉണ്ട്. |
| (സി) | പ്രാഥമിക അന്വേഷണത്തിൽ തന്നെ അഴിമതിയുണ്ട് എന്ന് ബോധ്യപ്പെട്ട എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ട്; വ്യക്തമാക്കാമോ; | (സി) | പ്രാഥമിക അന്വേഷണത്തിൽ അഴിമതിയുണ്ടെന്ന് ബോദ്ധ്യപ്പെട്ട 235 സഹകരണ സംഘങ്ങൾ ഉണ്ട്. |
| (ഡി) | പ്രസ്തുത അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഭരണസമിതി പിരിച്ച് വിട്ട് അഡ്മിനിസ്ട്രേറ്റീവ് സംവിധാനത്തിൻ കീഴിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ഡി) | അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഭരണ സമിതി പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. തിരുവനന്തപുരം അയിരൂർപ്പാറ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് മുല്ലൂർ റൂറൽ സഹകരണ സംഘം ക്ഷീര കർഷക തൊഴിലാളി ക്ഷേമ സഹകരണ സംഘം ബാലരാമപുരം പഞ്ചായത്ത് റസിഡൻസ് വെൽഫയർ സഹകരണ സംഘം കാരോട് ഫാർമേഴ്സ് വെൽഫയർ സഹകരണ സംഘം നെയ്യാറ്റിൻകര കാർഷിക മൃഗ സംരക്ഷണ മത്സ്യ കർഷക വെൽഫയർ സഹകരണ സംഘം ആറയൂർ സർവ്വീസ് സഹകരണ ബാങ്ക് കൊല്ലം താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് പത്തനംതിട്ട ഇല്ല ആലപ്പുഴ ശ്രീകണ്ഠമംഗലം സർവ്വീസ് സഹകരണ ബാങ്ക് കോട്ടയം വൈക്കം സർവ്വീസ് സഹകരണ ബാങ്ക് പൂഞ്ഞാർ സർവ്വീസ് സഹകരണ ബാങ്ക് ചിറക്കടവ് സർവ്വീസ് സഹകരണ ബാങ്ക് മീനച്ചിൽ റബ്ബർ മാർക്കറ്റിംഗ് ആൻഡ് പ്രോസിസ്സിംഗ് സഹകരണ സംഘം കടുത്തുരുത്തി കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ആൻഡ് പ്രോസിസ്സിംഗ് സംഘം കോട്ടയം ഹൗസിംഗ് സഹകരണ സംഘം ഇടുക്കി ബാലഗ്രാം സർവ്വീസ് സഹകരണ ബാങ്ക് വെള്ളത്തൂവൽ സർവ്വീസ് സഹകരണ ബാങ്ക് എറണാകുളം കർത്തേടം സർവ്വീസ് സഹകരണ ബാങ്ക് തിരുകൊച്ചി അഗ്രികൾച്ചറൽ പ്രൊഡ ക്ഷൻ പ്രോസസ്സിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം നെടുങ്ങപ്ര വനിത സഹകരണ സംഘം മൂവാറ്റുപുഴ പ്രാഥമിക കാർഷിക സഹകരണ ഗ്രാമ വികസന ബാങ്ക് തൃശ്ശൂർ അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് പുത്തൂർ സഹകരണ സംഘം കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്ക് ഇരുമ്പൂർ സഹകരണ സംഘം തൃശ്ശൂർ ജില്ല LIC ഏജന്റ്സ് സഹകരണ സംഘം ജില്ല ടൂറിസ്റ്റ് ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘം MSME എംപ്ലോയീസ് സഹകരണ സംഘം തൃശ്ശൂർ ജില്ല SC/ST മാർക്കറ്റിംഗ് |

| | | | |
|---|---|---|---|
| | | | സഹകരണ സംഘം പാലക്കാട് ജില്ല മലപ്പുറം തിരൂർ താലൂക്ക് ഓട്ടോ & ടാക്സി ഡ്രൈവേഴ്സ് സഹകരണ സംഘം കോഴിക്കോട് ജില്ല വയനാട് പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് കണ്ണൂർ ജില്ല കാസർഗോഡ് ജില്ല സംസ്ഥാനതലത്തിൽ കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ടൂറിസം ഫെഡറേഷൻ, കേരള സ്റ്റേറ്റ് ലീഗൽ മെട്രോളജി ലൈസൻസീസ് ആന്റ് ടെക്നിഷ്യൻസ് സഹകരണ സംഘം, കേരള ടൂറിസം ഡെവലപ്മെന്റ് സഹകരണ സംഘം എന്നീ സഹകരണ സംഘങ്ങൾ അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിലാണ്. |

സെക്ഷൻ ഓഫീസർ